**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 312** **28-06-2024 - ൽ മറുപടിയ്ക്ക്**

**വിദേശരാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നോർക്ക നടത്തിയ പഠനത്തിൽ സംസ്ഥാനത്തുനിന്നും വിദേശരാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റം അഞ്ചുവർഷത്തിനുള്ളിൽ ഇരട്ടിയായി എന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | മൂന്നാം ലോക കേരളസഭയുടെ നിർദ്ദേശ പ്രകാരം 2023-ൽ കേരള മൈഗ്രേഷൻ സർവ്വെ സംഘടിപ്പിച്ചു. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ നേതൃത്വത്തിൽ 20,000 പ്രവാസി കുടുംബങ്ങളിൽ പഠനം നടത്തിയ സർവ്വെ പ്രകാരം വിദേശത്ത് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം 2018-ൽ 1,29,763 ആയിരുന്നത് 2023 ആയപ്പോൾ 2,50,000 ആയി ഉയർന്നിട്ടുണ്ട്. ഇത് ആകെ പ്രവാസികളുടെ 11.3% മാണെന്നും സർവ്വെ ഫലങ്ങൾ സൂചിപ്പിക്കുന്നു. |
| (ബി) | എങ്കിൽ വിദേശരാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റത്തിന്റെ കാരണം പഠനവിധേയമാക്കിയിട്ടുണ്ടോ; | (ബി) | രാജ്യത്ത് എല്ലാ സംസ്ഥാനങ്ങളിൽ നിന്നും വിദ്യാർത്ഥികൾ വിദേശ പഠനത്തിന് പോകുന്ന സാഹചര്യം കാലങ്ങളായി നിലവിലുള്ളതാണ്. വിദേശത്തുള്ള വിദ്യാർത്ഥികൾ സംസ്ഥാനത്തും ഉപരിപഠനത്തിന് വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗം മികവ് പുലർത്തുന്ന കാലഘട്ടമാണ് നിലവിലുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് NAAC അക്രഡിറ്റേഷനിലും NIRF റാങ്കിംഗിലും മികച്ച സ്ഥാനം ലഭിച്ചിട്ടുണ്ട്. കാലാനുസൃതമായി കോഴ്സുകൾ രൂപകൽപ്പന ചെയ്യുന്നതിലും പുതിയ കോഴ്സുകൾ അനുവദിക്കുന്നതിലും സർവ്വകലാശാലകൾ നടപടി സ്വീകരിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭ്യമാകാൻ നൈപുണ്യ പരിശീലനത്തിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് മികവിന് പല അവാർഡുകളും ലഭിച്ചിട്ടുമുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന് നിലവിൽ സംസ്ഥാനത്ത് മികച്ച സാധ്യതകളും സാഹചര്യവുമാണുള്ളത്. |

| | | | |
|---|---|---|---|
| | | | മെറിറ്റിൽ യോഗ്യത നേടി പല പ്രൊഫഷണൽ കോഴ്സുകൾക്കും സംസ്ഥാനത്ത് പ്രവേശനം ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിലാണ് പല വിദ്യാർത്ഥികളും വിദേശത്ത് പഠനത്തിന് പോകുന്നത്. നിലവിൽ മെച്ചപ്പെട്ട ജീവിത സാഹചര്യമുള്ളവർ ഉന്നത വിദ്യാഭ്യാസമെന്നതിലുപരി, തൊഴിൽ സാധ്യതകളും കണക്കിലെടുത്താണ് വിദേശത്ത് പഠനത്തിനായി പോകുന്നത്. പല വിദേശ രാജ്യങ്ങളിലും വിദഗ്ദ തൊഴിലുകളിലേയ്ക്കും വൊക്കേഷണൽ കോഴ്സുകളിലേക്കും വേണ്ടത്ര ആളെ കിട്ടാത്ത അവസ്ഥയുമുണ്ട്.<br><br>സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിനുള്ള സാധ്യതകൾ മികവുറ്റതല്ലാത്ത കാരണത്താലല്ല പലപ്പോഴും വിദ്യാർത്ഥികൾ വിദേശത്ത് പഠനത്തിനായി പോകുന്നത്. മികച്ച ഗുണമേന്മയുള്ള, സുരക്ഷിതമായ ഉപരിപഠനം ലക്ഷ്യമിടുന്ന വിദ്യാർത്ഥികളെ സർക്കാർ എല്ലാ രീതിയിലും പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ അവസരങ്ങൾ പ്രദാനം ചെയ്യാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |
| (സി) | വിദ്യാർത്ഥികളുടെ കുടിയേറ്റം തടയാൻ നോർക്ക നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ? | (സി) | രാജ്യത്ത് എല്ലാ സംസ്ഥാനങ്ങളിൽ നിന്നും വിദ്യാർത്ഥികൾ വിദേശ പഠനത്തിന് പോകുന്ന സാഹചര്യം കാലങ്ങളായി നിലവിലുള്ളതാണ്. വിദേശത്തുള്ള വിദ്യാർത്ഥികൾ സംസ്ഥാനത്തും ഉപരിപഠനത്തിന് വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗം മികവ് പുലർത്തുന്ന കാലഘട്ടമാണ് നിലവിലുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് NAAC അക്രഡിറ്റേഷനിലും NIRF റാങ്കിംഗിലും മികച്ച സ്ഥാനം ലഭിച്ചിട്ടുണ്ട്. കാലാനുസൃതമായി കോഴ്സുകൾ രൂപകൽപ്പന ചെയ്യുന്നതിലും പുതിയ കോഴ്സുകൾ അനുവദിക്കുന്നതിലും സർവ്വകലാശാലകൾ നടപടി സ്വീകരിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭ്യമാകാൻ നൈപുണ്യ പരിശീലനത്തിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് മികവിന് പല അവാർഡുകളും ലഭിച്ചിട്ടുമുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന് നിലവിൽ സംസ്ഥാനത്ത് മികച്ച സാധ്യതകളും സാഹചര്യവുമാണുള്ളത്.<br><br>മെറിറ്റിൽ യോഗ്യത നേടി പല പ്രൊഫഷണൽ കോഴ്സുകൾക്കും സംസ്ഥാനത്ത് പ്രവേശനം ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിലാണ് പല വിദ്യാർത്ഥികളും വിദേശത്ത് പഠനത്തിന് പോകുന്നത്. |

| | | | |
|---|---|---|---|
| | | | നിലവിൽ മെച്ചപ്പെട്ട ജീവിത സാഹചര്യമുള്ളവർ ഉന്നത വിദ്യാഭ്യാസമെന്നതിലുപരി, തൊഴിൽ സാധ്യതകളും കണക്കിലെടുത്താണ് വിദേശത്ത് പഠനത്തിനായി പോകുന്നത്. പല വിദേശ രാജ്യങ്ങളിലും വിദഗ്ദ തൊഴിലുകളിലേയ്ക്കും വൊക്കേഷണൽ കോഴ്സുകളിലേക്കും വേണ്ടത്ര ആളെ കിട്ടാത്ത അവസ്ഥയുമുണ്ട്.<br><br>സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിനുള്ള സാധ്യതകൾ മികവുറ്റതല്ലാത്ത കാരണത്താലല്ല പലപ്പോഴും വിദ്യാർത്ഥികൾ വിദേശത്ത് പഠനത്തിനായി പോകുന്നത്. മികച്ച ഗുണമേന്മയുള്ള, സുരക്ഷിതമായ ഉപരിപഠനം ലക്ഷ്യമിടുന്ന വിദ്യാർത്ഥികളെ സർക്കാർ എല്ലാ രീതിയിലും പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ അവസരങ്ങൾ പ്രദാനം ചെയ്യാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |

സെക്ഷൻ ഓഫീസർ